# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 27 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

[www.sabarimal.kerala.gov.in](www.sabarimal.kerala.gov.in), prdsabarimala2020@gmail.com

---

## മണ്ഡലകാല ഉത്സവത്തിന് ഭക്തിസാന്ദ്രമായ സമാപനം; മകരവിളക്ക് ഉത്സവത്തിന് 30-ന് നടതുറക്കും

തങ്ക അങ്കി ചാർത്തിയ അയ്യപ്പ വിഗ്രഹത്തിന്റെ അനിർവചനീയമായ ചൈതന്യത്തിന്റെ ദർശനസാഫല്യത്തോടെ അയ്യപ്പൻമാരും മാളികപ്പുറങ്ങളും മലയിറങ്ങി. രാത്രിയിൽ ഉത്സവകാലത്തു പതിവുള്ളതുപോലെ അയ്യന്റെ ഉറക്കുപാട്ടായ ഹരിവരാസനം കേട്ടു. പരിപാവനമായ ശ്രീകോവിലിന്റെ വാതിലുകൾ അടച്ച് തന്ത്രിയും മേൽശാന്തിമാരും വിശ്രമത്തിൽ. ശരണമന്ത്ര മുഖരിതമായ സോപാനത്തിൽ ഇനി രണ്ടു നാൾ നിശബ്ദത മാത്രം. ശബരിമല ശ്രീധർമശാസ്താ ക്ഷേത്രത്തിലെ ഈ വർഷത്തെ മണ്ഡല-മകരവിളക്ക് ഉത്സവത്തിന്റെ 41 ദിവസം നീണ്ടുനിന്ന മണ്ഡലകാല ഉത്സവങ്ങൾക്ക് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജയോടെ ഭക്തിനിർഭരവും ഊഷ്മളവുമായി പരിസമാപ്തി. ഇന്ന് രാവിലെ 10-നും 11.40-നും ഇടയ്ക്കുള്ള കുംഭം രാശിയിലാണ് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ ചടങ്ങുകൾ ക്ഷേത്രം തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, മേൽശാന്തി അരീക്കര സുധീർ നമ്പൂതിരി എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ഇനി രണ്ട് ദിവസം കഴിഞ്ഞ് മകരവിളക്ക് ഉത്സവത്തിനായി 30-ന് വൈകുന്നേരം അഞ്ചിന് തിരുനട വീണ്ടും തുറക്കുന്നതോടെ അയ്യപ്പൻമാരും മാളികപ്പുറങ്ങളും വീണ്ടുമെത്തിത്തുടങ്ങും. 2020 ജനുവരി 15-ന് മകരജ്യോതി ദർശനം. ജനുവരി 21-ന് തിരുനട അടയ്ക്കുന്നതോടെ മകരവിളക്ക് ഉത്സവത്തിനും പരിസമാപ്തിയാകും.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പൊതുവേ സമാധാനപരമായിരുന്നു മണ്ഡലകാലമെന്നാണ് ദേവസ്വംബോർഡിന്റെ വിലയിരുത്തൽ. ഭക്തരുടെ എണ്ണത്തിലും വരവിന്റെ എ

ണ്ണത്തിലും കഴിഞ്ഞ വർഷത്തെക്കാൾ വർധന രേഖപ്പെടുത്തിയതായും ദേവസ്വംബോർഡ് അറിയിച്ചു. മണ്ഡല-മകരവിളക്ക് മഹോത്സവത്തിനായി നവംബർ 15-ന് നട തുറന്ന അന്ന് മുതൽ അയ്യപ്പൻമാരുടെ നല്ല തിരക്കായിരുന്നു. കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി വൻ തിരക്കാണ് സന്നിധാനത്തും പമ്പയിലും അനുഭവപ്പെട്ടത്. തിരക്കുമൂലം ചില ഘട്ടങ്ങളിൽ പമ്പയിൽ നിന്ന് അയ്യപ്പൻമാരെ കയറ്റിവിടുന്നതിന് നിയന്ത്രണം ഉണ്ടായിരുന്നു.

മകരവിളക്ക് ഉത്സവത്തിന് ദേവസ്വംബോർഡ് ഇതിനകം തന്നെ തയാറെടുപ്പുകൾ നടത്തിക്കഴിഞ്ഞു. മകരവിളക്ക് തീർഥാടനകാലത്തിന് മുന്നോടിയായി 15 ലക്ഷം അരവണ സ്റ്റോക്ക് ചെയ്യും. ഇതിനായി രണ്ടരലക്ഷം മുതൽ മൂന്നരലക്ഷം പായ്ക്കറ്റ് അരവണ ദിവസവും നിർമിക്കും.

മകരവിളക്ക് തീർഥാടനകാലത്ത് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ ക്രമീകരണങ്ങളും ദേവസ്വം ബോർഡ് ഇതിനകം നിശ്ചയിച്ചുകഴിഞ്ഞു. കുടിവെള്ള വിതരണം കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും. ഇതിനായി ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളജിലെ 60 എൻ.എസ്.എസ് വോളന്റീയർമാർ സന്നദ്ധത അറിയിച്ചുകഴിഞ്ഞു.

(പി.ആർ. ശബരി-245)

## വിശുദ്ധിസേന ശുചീകരണം ഊർജിതം

മണ്ഡലകാല തീർഥാടനത്തിന്റെ അവസാന ദിവസം വിശുദ്ധിസേന ശബരിമലയും പരിസരവും പൂർണ്ണമായും ശുചീകരിക്കുന്ന യജ്ഞത്തിൽ. തിരക്ക് മൂലം പൂർണ്ണമായി വൃത്തിയാക്കാൻ കയിയാതിരുന്ന തീർഥാടക പാതയാണ് വിശുദ്ധിസേന ശുചീകരിക്കുന്നതിൽ കൂടുതൽ ശ്രദ്ധിച്ചത്. അപ്പാച്ചിമേട്, മരക്കൂട്ടം, ചരൽമേട് ഉൾപ്പെടെ ഒൻപത് മേഖലകളായി തിരിച്ചാണ് മണ്ഡലകാലത്ത് വിശുദ്ധിസേന ശബരിമലയും പരിസരവും ശുചീകരിച്ചത്. ശബരിമല പരിസരത്ത് മാത്രം 290 വിശുദ്ധി സേനാംഗങ്ങളാണ് സേവനത്തിനുള്ളത്. ജില്ലാ ഭരണകൂടമാണ് വിശുദ്ധിസേനക്ക് വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നത്. തമിഴ്നാട് സ്വദേശികളാണ് വിശുദ്ധിസേനാംഗങ്ങളായി സേവനത്തിനുള്ളത്. സന്നിധാനത്തിന് പുറമേ പമ്പ, നിലയ്ക്കൽ, പന്തളം, കുളനട എന്നിവിടങ്ങളിലായി ഇപ്രാവിശ്യം മൊത്തം 900 വിശുദ്ധിസേനാംഗങ്ങളാണ് മണ്ഡല മകരവിളക്ക് തീർഥാടനകാലത്തോടനുബന്ധിച്ച് സേവനത്തിനുള്ളത്. മകരവിളക്ക് തീർഥാടനം തുടങ്ങുന്നതിന് മുമ്പ് ശബരിമലയും പരിസരവും പൂർണതോതിൽ ശുചീകരിക്കാൻ ഉള്ള തീവ്ര യത്നത്തിലാണ് വിശുദ്ധി സേനാംഗങ്ങൾ.

(പി.ആർ. ശബരി-246)

## ചികിൽസതേടിയെത്തിയത് ഒരുലക്ഷത്തിലധികം തീർഥാടകർ

മണ്ഡല തീർഥാടന കാലയളവിൽ പമ്പ, സന്നിധാനം, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, നിലക്കൽ എന്നി സർക്കാർ ആശുപത്രികളിലായി ചികിൽസതേടി എത്തിയത് 1,48,339 തീർഥാടകർ. ഇതിൽ സന്നിധാനം സർക്കാർ ആശുപത്രിയിൽ 49233 പേരും പമ്പ ഗവൺമെന്റ് ആശുപത്രിയിൽ 18763 പേരും വിവിധ രോഗങ്ങൾക്ക് ചികിൽസതേടി എത്തി. ഈ തീർഥാടന കാലത്ത് നിലക്കൽ മുതൽ സന്നിധാനംവരെ 16 മരണമാണ് ഉണ്ടായത്. എല്ലാ മരണങ്ങളും ഹൃദയാഘാതം മൂലമായിരുന്നു. ഹൃദയാഘാതത്തിന് അടിയന്തിര ചികിൽസ അനിവാര്യമായിരുന്ന 146 കേസുകൾ റിപ്പോർട്ട് ചെയ്തു. നിലയ്ക്കൽ മുതൽ സന്നിധാനംവരെയുള്ള ആറ് സർക്കാർ ആശുപത്രികളിലായി അപസ്മാര രോഗത്തിന് 1174 തീർഥാടകർ ചികിൽസതേടി എത്തിയെന്നാണ് ആരോഗ്യ വകുപ്പ് കണക്ക്.

(പി.ആർ. ശബരി–247)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 27 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimal.kerala.gov.in, prdsabarimala2020@gmail.com


---

# *ശബരിമലയിൽ 28-ന് മോക്ക് ഡ്രിൽ*

ശബിരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി തിക്കും തിരക്കും കാരണം ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ കാര്യക്ഷമമായി നേരിടുന്നതിന് 28-ന് രാവിലെ 11.30-ന് സന്നിധാനത്ത് മോക്ക് ഡ്രിൽ നടത്തും. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിലാണ് മോക്ക്ഡ്രിൽ നടത്തുക.

(പി.ആർ. ശബരി–248)


